F.Y.
July 2017

Reg. No. ....................................

Name ..........................................

**802**

# First Year Higher Secondary Improvement Examination

## Part - II

## മലയാളം (Malayalam)

Maximum : 80 Scores

Time : 2½ Hours
Cool off time : 15 Minutes

**നിർദ്ദേശങ്ങൾ:**

- നിർദ്ദിഷ്ട സമയത്തിന് പുറമെ 15 മിനിറ്റ് 'കൂൾ ഓഫ് ടൈം' ഉണ്ടായിരിക്കും. ഈ സമയത്ത് ചോദ്യങ്ങൾക്ക് ഉത്തരം എഴുതാനോ, മറ്റുള്ളവരുമായി ആശയ വിനിമയം നടത്താനോ പാടില്ല.
- ഉത്തരങ്ങൾ എഴുതുന്നതിന് മുമ്പ് ചോദ്യങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കണം.
- എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതണം.
- ഒരു ചോദ്യനമ്പർ ഉത്തരമെഴുതാൻ തെരഞ്ഞെടുത്തു കഴിഞ്ഞാൽ ഉപചോദ്യങ്ങളും അതേ ചോദ്യ നമ്പരിൽ നിന്ന്തന്നെ തെരഞ്ഞെടുക്കേണ്ടതാണ്.
- പ്രോഗ്രാമുകൾ ചെയ്യാനാകാത്ത കാൽക്കുലേറ്ററുകൾ ഒഴികെയുള്ള ഒരു ഇലക്ട്രോണിക് ഉപകരണവും പരീക്ഷാഹാളിൽ ഉപയോഗിക്കുവാൻ പാടില്ല.

**1.** ബ്രാക്കറ്റിൽ നിന്നും ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക.

a) കരുണ എന്ന കാവ്യം ആരുടെ രചനയാണ്?

(ബാലചന്ദ്രൻ ചുള്ളിക്കാട്, വൈലോപ്പിള്ളി, ചങ്ങമ്പുഴ, കുമാരനാശാൻ)

b) കൈപ്പാട് എന്ന ഡോക്യുമെന്ററി ചിത്രം സംവിധാനം ചെയ്തതാരാണ്?

(ബാബു കാമ്പ്രത്ത്, എം.എൻ. വിജയൻ, വിറ്റോറിയോ ഡിസീക്ക, ഗീതു മോഹൻദാസ്)

c) 'പച്ചക്കദളിക്കുലകൾക്കിടക്കിടെ മെച്ചത്തിൽ നന്നായ് പഴുത്ത പഴങ്ങളും .............' എന്നു തുടങ്ങുന്ന വാഴത്തോട്ടവർണ്ണന ആരുടേതാണ്?

(ചെറുശ്ശേരിയുടേത്, കുഞ്ചൻ നമ്പ്യാരുടേത്, എഴുത്തച്ഛന്റേത്, പി. കുഞ്ഞിരാമൻ നായരുടേത്)

d) 'ദർശനമാല' രചിച്ചതാരാണ്?

(വള്ളത്തോൾ, പൂന്താനം, ശ്രീനാരായണഗുരു, രാമപുരത്തു വാര്യർ) **(4 × 1 = 4)**

2. താഴെപ്പറയുന്നവയിൽ കൂട്ടത്തിൽ പെടാത്തതേത്?

a) കേസരി, വജ്രബാഹു, വജ്രസൂചി, ഖാസി മുഹമ്മദ്.

b) ശീർഷാസനം, ചിതയിലെ വെളിച്ചം, സൂഫി പറഞ്ഞ കഥ, വാക്കും മനസ്സും.

c) കൈപ്പാട്, കേൾക്കുന്നുണ്ടോ, നീലക്കുയിൽ, വാസനാവികൃതി.

d) മോഹമഞ്ഞ, ഗസൽ, ഡ്രാക്കുള, മാനസാന്തരം. **(4 × 1 = 4)**

3. ചേരുംപടി ചേർക്കുക.

| | | |
|---|---|---|
| a) വിജയകൃഷ്ണൻ | – | കഥ |
| b) കെ.ആർ. മീര | – | ഫോട്ടോഗ്രാഫി |
| c) വൈലോപ്പിള്ളി | – | സിനിമാനിരൂപണം |
| d) എൻ.എ. നസീർ | – | കവിത |

**(4 × 1 = 4)**

4. **ശരിയോ തെറ്റോ** എന്നെഴുതുക.

a) കാലം കൃത്യമായി രേഖപ്പെടുത്തിയ, അറബിമലയാള സാഹിത്യത്തിലെ പ്രഥമ കൃതിയാണ് മുഹ്യ്ദ്ദീൻമാല.

b) സ്ത്രീലിംഗത്തോട് ബഹുവചനപ്രത്യയമായ 'കൾ' ചേരുകയില്ല. **(2 × 1 = 2)**

5. മൂന്നോ നാലോ വാക്യത്തിൽ ഉത്തരമെഴുതുക.

a) 'സന്ദർശനം' എന്ന കവിതയിലെ ഏതെങ്കിലും മൂന്ന് സവിശേഷ വർണ്ണനകളെ പരിചയപ്പെടുത്തുക.

b) 'കേൾക്കുന്നുണ്ടോ' എന്ന ഹ്രസ്വചിത്രത്തിൽ നിങ്ങളെ ഏറ്റവും ആകർഷിച്ച രംഗമേതാണ്, എന്തുകൊണ്ട്?

c) 'എന്റെ ചിരിക്കകത്തുള്ള ദുഃഖത്തിന്റെ മുഴക്കം അവർ കേൾക്കുന്നില്ല' – കൃതിയും സന്ദർഭവും എഴുതുക.

d) പുറപ്പെട്ടേടത്താണായിരം കാതമവൾ നടന്നിട്ടും' – ഈ വരികൊണ്ടർത്ഥമാക്കുന്നത് എന്താണ്? **(4 × 3 = 12)**

**6.** അരപ്പുറത്തിൽ ഉത്തരമെഴുതുക.

a) കനകമൈലാഞ്ചി നീരിൽ തുടുത്ത നിൻ
വിരൽ തൊടുമ്പോൾ കിനാവു ചുരന്നതും
നെടിയ കണ്ണിലെ കൃഷ്ണകാന്തങ്ങൾ തൻ
കിരണമേറ്റെന്റെ ചില്ലകൾ പൂത്തതും

(സന്ദർശനം)

വമ്പെഴും നിന്റെ പുരികക്കൊടിയുടെ -
യമ്പുകൊണ്ടു ഞരമ്പുകൾ
കമ്പൊടിഞ്ഞൊരു ശീലക്കുടയുടെ
കമ്പിപോലെ വലിഞ്ഞുപോയ്

(കായലരികത്ത്)

–മുകളിൽ കൊടുത്ത രചനകളിലെ സാമ്യ, വ്യത്യാസങ്ങൾ കണ്ടെത്തി വിശദീകരിക്കുക.

b) ഒരു പീഡയെറുമ്പിനും വരു-
ത്തരുതെന്നുള്ളനുകമ്പയും സദാ
കരുണാകര! നൽകുകുള്ളിൽ നിൻ
തിരുമെയ് വിട്ടകലാതെ ചിന്തയും

(അനുകമ്പാദശകം – ശ്രീനാരായണഗുരു)

ഒരെറുമ്പിനെ ഞാൻ ഞെരിക്കുകിൽ
കൃപയാർന്നമ്മ തടഞ്ഞു ചൊല്ലിടും
മകനേ! നരകത്തിലെണ്ണയിൽ
പൊരിയും നീ പരപീഡ ചെയ്യൊലാ

(മാനസാന്തരം – ബാലചന്ദ്രൻ ചുള്ളിക്കാട്)

–പൂർവ്വകാലകവികളുടെ ദർശനങ്ങളും കാവ്യരീതിയും പില്ക്കാല കവികളെ സ്വാധീനിക്കുന്നതായി തോന്നുന്നുണ്ടോ? സ്വന്തം അഭിപ്രായം രേഖപ്പെടുത്തുക.

c) അമ്മ മരിച്ചപ്പോൾ, ആശ്വാസമായി

ഇനിയെനിക്കത്താഴപ്പഷ്ണി കിടക്കാം, ആരും സ്വൈരം കെടുത്തില്ല

ഇനിയെനിക്ക് ഉണങ്ങിപ്പാറുന്നതുവരെ തല തുവർത്തേണ്ട

ആരും ഇഴ വിടർത്തി നോക്കില്ല

ഇനിയെനിക്ക് കിണറിന്റെ ആൾമറയിലിരുന്ന്

ഉറക്കം തൂങ്ങിക്കൊണ്ട് പുസ്തകം വായിക്കാം

പാഞ്ഞെത്തുന്ന ഒരു നിലവിളി എന്നെ ഞെട്ടിച്ചുണർത്തില്ല.

(ആശ്വാസം – കല്പറ്റ നാരായണൻ)

–മുകളിൽ കൊടുത്തിരിക്കുന്ന കവിതാഭാഗത്തെ 'ശസ്ത്രക്രിയ' എന്ന കഥയുമായി താരതമ്യം ചെയ്ത് കുറിപ്പു തയ്യാറാക്കുക.

d) ചെറുശ്ശേരിക്കവിതയുടെ പ്രത്യേകതകൾ പാഠഭാഗത്തെ ആസ്പദമാക്കി വിശദീകരിക്കുക.

e) ''കുരുക്കിടുമ്പോൾ കഴുത്തിൽ ദാ, ഈ ഞരമ്പിൽ വീഴണം......... അതാരറിഞ്ഞു!''- വൃദ്ധ ഈ വാക്യം ഏതു സന്ദർഭത്തിലാണ് പറയുന്നത്? കഥാഗതിയിൽ ഈ വാക്യം നല്കുന്ന സൂചനകൾ എന്തെല്ലാമാണ്? **(5 × 6 = 30)**

**7.** ഒന്നരപ്പുറത്തിൽ ഉത്തരമെഴുതുക.

a) 'കൈപ്പാട്' എന്ന ഡോക്യുമെന്ററി മുന്നോട്ടുവെയ്ക്കുന്ന പരിസ്ഥിതി പാഠങ്ങളെന്തൊക്കെയാണ്?

**അല്ലെങ്കിൽ**

'ബൈസിക്കിൾ തീവ്സ്' എന്ന ചലച്ചിത്രത്തിലെ ആവിഷ്കാര രീതിയെയും അഭിനയത്തെയും വിലയിരുത്തിക്കൊണ്ട് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക.

b) 'ഊഞ്ഞാലിൽ' എന്ന കവിതയ്ക്ക് ആസ്വാദനം തയ്യാറാക്കുക

**അല്ലെങ്കിൽ**

'ലാത്തിയും വെടിയുണ്ടയും' എന്ന പാഠഭാഗത്ത് എന്തെല്ലാം ഓർമകളാണ് നോവലിസ്റ്റ് ആവിഷ്കരിച്ചിരിക്കുന്നത്?

c) 'വാസനാവികൃതി' എന്ന ചെറുകഥയുടെ ആഖ്യാന രീതി ആധുനിക കഥകളുടെ രീതിയിൽ നിന്ന് വ്യത്യസ്തമാണോ? 'ശസ്ത്രക്രിയ' എന്ന കഥയുമായി താരതമ്യം ചെയ്തുകൊണ്ട് സ്വന്തം നിരീക്ഷണം എഴുതുക.

**അല്ലെങ്കിൽ**

അതിജീവനമാണോ അതോ പ്രതിരോധമാണോ 'മത്സ്യം' എന്ന കവിത മുന്നോട്ടുവെക്കുന്ന പ്രധാന ആശയം? സ്വന്തം നിരീക്ഷണം സോദാഹരണം വ്യക്തമാക്കുക. **(3 × 8 = 24)**

മലയാളം Code No: 802

HSE I July 2017

## Answer Key

| Qn. No | Sub. Qn | Value points | Score | Total |
|---|---|---|---|---|
| 1 | a | കുമാരനാശാൻ | 1 | 1 |
| | b | ബാബു കാമ്പ്രത്ത് | 1 | 1 |
| | c | കുഞ്ചൻ നമ്പ്യാരുടേത് | 1 | 1 |
| | d | ശ്രീനാരായണഗുരു | 1 | 1 |
| 2 | a | ഖാസി മുഹമ്മദ് | 1 | 1 |
| | b | സൂഫി പറഞ്ഞ കഥ | 1 | 1 |
| | c | വാസനാവികൃതി | 1 | 1 |
| | d | മോഹമഞ്ഞ | 1 | 1 |
| 3 | a | വിജയകൃഷ്ണൻ - സിനിമാനിരൂപണം | 1 | 1 |
| | b | കെ.ആർ. മീര കഥ | 1 | 1 |
| | c | വൈലോപ്പിള്ളി - കവിത | 1 | 1 |
| | d | എൻ.എ. നസീർ - ഫോട്ടോഗ്രഫി | 1 | 1 |
| 4 | a | ശരി | 1 | 1 |
| | b | തെറ്റ് | 1 | 1 |
| 5 | a | കനകമൈലാഞ്ചി നീരിൽത്തുടുത്ത വിരൽ. വരണ്ടുപോയ കവിത. കണ്ണിലെ കൃഷ്ണകാന്തങ്ങൾ. വിരൽസ്പർശം. ചിദംബര സന്ധ്യകൾ....<br>ഏതെങ്കിലും മൂന്നെണ്ണം കാവ്യഭംഗി ചോർന്നുപോവാതെ വിശദമാക്കിയിട്ടുണ്ട് | 3 | 3 |
| | b | രംഗം എഴുതി. കാരണം എഴുതിയിട്ടുണ്ട് | 3 | 3 |
| | c | പാഠഭാഗം തിരിച്ചറിഞ്ഞിട്ടുണ്ട്<br>സന്ദർഭവും ആശയവും വിശദമാക്കിയിട്ടുണ്ട് | 1<br>2 | 3 |
| | d | കവിത തിരിച്ചറിഞ്ഞിട്ടുണ്ട്.<br>സ്ത്രീയുടെ സാമൂഹികാവസ്ഥ സൂചിപ്പിച്ചിട്ടുണ്ട്.<br>ആശയവിശദീകരണം നടത്തിയിട്ടുണ്ട്. | 1<br>1<br>1 | 3 |
| 6 | a | ഇരുകവിതകളിലെയും സമാനത തിരിച്ചറിഞ്ഞിട്ടുണ്ട്.<br>കവിതകളുടെ ഭാവം ഉൾക്കൊണ്ട് താരതമ്യപ്പെടുത്തിയിട്ടുണ്ട്.<br>പ്രണയം പ്രത്യാശ എന്നിവയിലെ സാമ്യതയും സൂക്ഷ്മവ്യതിയാനവും സൂചിപ്പിച്ചിട്ടുണ്ട്. | 2<br>2<br>2 | 6 |
| | b | കവിതകളുടെ ആശയം ഗ്രഹിച്ചിട്ടുണ്ട്<br>രൂപപരവും ഭാവപരവുമായ സമാനതകൾ ചൂണ്ടിക്കാട്ടിയിട്ടുണ്ട്..<br>ദർശനങ്ങളുടെ സ്വാധീനത്തെത്തെക്കുറിച്ച് സൂചിപ്പിച്ചിട്ടുണ്ട്. | 2<br>2<br>2 | 6 |
| | c | ഇരുരചനകളിലെയും ആന്തരിക ഭാവം ഉൾക്കൊണ്ടിട്ടുണ്ട്<br>വൈകാരികത ഉൾക്കൊണ്ട് വിശദീകരിച്ചിട്ടുണ്ട് | 3<br>3 | 6 |
| | d | ചെറുശ്ശേരിക്കവിതയുടെ സവിശേഷത മൂന്നെണ്ണം എഴുതിയിട്ടുണ്ട്<br>പാഠഭാഗം ഉദാഹരിച്ച് സമർത്ഥിച്ചിട്ടുണ്ട് | 3<br>3 | 6 |
| | f | കഥയും സന്ദർഭവും തിരിച്ചറിഞ്ഞിട്ടുണ്ട്.<br>പ്രസ്തുത വാക്യത്തിന്റെ ധ്വനി ഉൾക്കൊണ്ട് വിശദീകരിച്ചിട്ടുണ്ട്<br>വൃദ്ധ പറയാതെ പറയുന്ന ജീവിതത്തെ അനാവരണം ചെയ്തിട്ടുണ്ട് | 2<br>2<br>2 | 6 |
| 7 | a/ | ഡോക്യുമെന്ററി കണ്ട് ആശയം ഗ്രഹിച്ചിട്ടുണ്ട്<br>കൈപ്പാട് നിലങ്ങളിലെ സഹവർത്തിത്വം എടുത്തു പറഞ്ഞിട്ടുണ്ട്<br>മണ്ണും മനുഷ്യനും സഹജീവികളും പരസ്പരാശ്രിതത്വത്തിൽ കഴിയണമെന്ന ആശയം ഉൾക്കൊണ്ടിട്ടുണ്ട്<br>ചിന്താപരവും ഭാഷാപരവുമായ മേന്മ പുലർത്തിയിട്ടുണ്ട് | 2<br>2<br>2<br>2 | 8 |

1/2

| | | | | |
|---|---|---|---|---|
| | a/or | പ്രമേയം ഉൾക്കൊണ്ടിട്ടുണ്ട്<br>സംവിധാനം, അഭിനയം എന്നീ അംശങ്ങളെ വിശകലനം ചെയ്തിട്ടുണ്ട്<br>പിൽക്കാല ചിത്രങ്ങളുമായി താരതമ്യം ചെയ്ത് വിലയിരുത്തിയിട്ടുണ്ട്<br>ചിന്താപരവും ഭാഷാപരവുമായ മേന്മ പുലർത്തിയിട്ടുണ്ട് | 2<br>2<br>2<br>2 | 8 |
| | b/ | കവിത ഉൾക്കൊണ്ടിട്ടുണ്ട്<br>കാവ്യബിംബങ്ങളെ വിശകലനം ചെയ്തിട്ടുണ്ട്<br>ഭാഷാപരമായ ഔന്നിത്യം പുലർത്തിയിട്ടുണ്ട് | 2<br>2<br>4 | 8 |
| | b/or | നോവൽ ഭാഗം പരിചയപ്പെട്ടിട്ടുണ്ട്<br>പ്രമേയം ഉൾക്കൊണ്ടിട്ടുണ്ട്<br>ആശയച്ചോർച്ച കൂടാതെ പുനരാഖ്യാനം ചെയ്തിട്ടുണ്ട്<br>ഉചിതമായ ഭാഷ ഉപയോഗിച്ചിട്ടുണ്ട് | 2<br>2<br>2<br>2 | 8 |
| | c/ | കഥ ഗ്രഹിച്ചിട്ടുണ്ട്<br>ആദ്യകാലചെറുകഥകളെക്കുറിച്ചും ആഖ്യാനരീതിയെക്കുറിച്ചും സാമാന്യാവബോധമുണ്ട്<br>ആധുനിക രചനയുമായി താരതമ്യം ചെയ്തിട്ടുണ്ട്<br>സ്വന്തം നിരീക്ഷണങ്ങൾ അവതരിപ്പിച്ചിട്ടുണ്ട് | 2<br>2<br>2<br>2 | 8 |
| | c/or | കവിതയിലെ ആശയം ഗ്രഹിച്ചിട്ടുണ്ട്<br>അതിജീവനം, പ്രതിരോധം എന്നിവയെ വിശകലനം ചെയ്തിട്ടുണ്ട്<br>കവിതയിലെ ആശയവുമായി ബന്ധിപ്പിച്ച് സ്വന്തം നിലപാട് വ്യക്തമാക്കിയിട്ടുണ്ട് | 2<br>4<br>2 | 8 |